# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം

---

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2026 - ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചു കരട് അംഗീകരിക്കാവുന്നതാണ്.

പരാമർശം:- 1. സ.ഉ.(പി) നം. 3/2017/ഉ.ഭ.പ.വ., തീയതി 25.02.2017.

2. സ.ഉ.(സാധാ) നം.1369/2026/H&FWD, തീയതി 10.04.2026.

3. സർക്കുലർ നം. ഇ.എച്ച് 1- 31371/2025/ ആ.വ.ഡ., തീയതി. 13.04.2026.

4. ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ.

**ഉത്തരവ് നം: ആ.വ.ഡ./11658/2026/ ഇ.എഫ്.3/തീയതി: 30-05-2026**

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2026 - ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിലെ ജീവനക്കാർ പരാമർശം (4) മുഖേന സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ കരട് പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

കരട് പട്ടികയിന്മേൽ എന്തെങ്കിലും പരാതി/ആക്ഷേപം ഉള്ളവർ ഹർജി തയാറാക്കി സ്ഥാപനമേധാവി മുഖാന്തരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് 06.06.2026 ന് വൈകുന്നേരം 5 മണിക്കു മുൻപായി നൽകേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ഹർജികൾ പരിശോധിച്ചു അഭിപ്രായക്കുറിപ്പ് സഹിതം 09.06.2026 ന് വൈകുന്നേരം 5 മണിക്കു മുൻപായി

**dhsefsection@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്ന ഹർജികൾ പരിഗണിക്കുന്നതല്ല.

പരാമർശം (1) ഉത്തരവിൽ പറഞ്ഞിരിക്കുന്ന പരിഗണനകൾ, ഗുരുതരമായ രോഗങ്ങൾ, മറ്റു അനുകമ്പാർഹമായ സാഹചര്യങ്ങൾ എന്നിവയുടെ ആനുകൂല്യം ലഭിക്കുന്നതിന് അപ്പീൽ അപേക്ഷകളോടൊപ്പം ആയത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ രേഖകൾ / സർട്ടിഫിക്കറ്റുകൾ / മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് / മെഡിക്കൽ സർട്ടിഫിക്കറ്റ് (3 മാസത്തിനുള്ളിൽ ലഭ്യമായത്) എന്നിവ ഹാജരാക്കേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം ഹർജികൾ സമർപ്പിക്കാത്തതു മൂലം ഏതെങ്കിലും ജീവനക്കാർ അന്തിമപട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയതു സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്കായിരിക്കും.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗികാവശ്യങ്ങൾക്കുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്..

Digitally signed by
Sandeep K
Date: 30-05-2026
11:57:23

**SANDEEP K**

**ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ

**Government of Kerala, Department: Health Services**
**Norms Based General Transfer for Blood Bank Technician- 2026-Draft List**

| Sl. No. | PEN | Name | Designation | Office Transfered from | Office Transfered to | Protection if any |
|---|---|---|---|---|---|---|
| 1 | 1004661 | VINITHA ALEXANDER B | Bllod Bank Technician Gr.II | GENERAL HOSPITAL ERNAKULAM | W&C Hospital Thiruvananthapuram | Parents of autistic / Cerebral palsy affected |
| 2 | 725956 | SREEJA B | Blood Bank Technition Gr I | DISTRICT HOSPITAL ALUVA | GENERAL HOSPITAL ERNAKULAM | SC/ST |

Digitally signed by
Sandeep K
Date: 30-05-2026
11:57:47

**ADDITIONAL DIRECTOR OF HEALTH SERVICES**
**(MEDICAL& HOSPITAL ADMINISTRATION)**